**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4248** **28-06-2024 - ൽ മറുപടിയ്ക്ക്**

**വൈക്കം മുനിസിപ്പാലിറ്റിയിൽ വിധവാ പെൻഷൻ വാങ്ങുന്നവർ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | വൈക്കം മുനിസിപ്പാലിറ്റിയിൽ വിധവാ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ വിവരം വിശദമാക്കാമോ; | (എ) | വൈക്കം മുനിസിപ്പാലിറ്റിയിൽ നിലവിൽ 565 ഗുണഭോക്താക്കൾ വിധവാ പെൻഷൻ വാങ്ങുന്നുണ്ട്. |
| (ബി) | പുനർവിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിന്റെ പേരിൽ വൈക്കം മുനിസിപ്പാലിറ്റിയിൽ എത്രപേരുടെ പെൻഷൻ തടഞ്ഞുവച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പുനർവിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ വൈക്കം മുനിസിപ്പാലിറ്റിയിൽ 50 പേരുടെ പെൻഷനാണ് തടഞ്ഞുവച്ചിട്ടുള്ളത്. |
| (സി) | പുനർവിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടും എത്രപേർക്ക് ഇനിയും പെൻഷൻ വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പെൻഷൻ ഐ.ഡി ലഭ്യമല്ലാത്തതിനാൽ സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യാൻ സാധിക്കാതെവന്ന 3 പേരുടെ പെൻഷൻ വിതരണം ചെയ്യാനുണ്ട്. |
| (ഡി) | ഇത്തരത്തിൽ പെൻഷൻ തടഞ്ഞുവയ്ക്കുകയും പുനർവിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്ത ശ്രീമതി ആബിദ, വാര്യം പറമ്പിലിന് പെൻഷൻ നൽകാത്തതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | പുനർ വിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റിനോടൊപ്പം പെൻഷൻ ഐ.ഡി യോ ആധാർ നമ്പരോ ഹാജരാക്കാത്തതിനാലാണ് ശ്രീമതി ആബീദ, വാര്യം പറമ്പിലിന്റെ പുനർ വിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യാൻ സാധിക്കാതെ വന്നത്. ആയത് ലഭിച്ചതിൻ പ്രകാരം 13/06/2024 ന് പെൻഷൻ പുനഃസ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ